
THE
PHENOM
AMBULANCE
TAKE OFF

## ഉള്ളടക്കം

*എഡിറ്റോറിയൽ ഗുണ മേന്മയുലവള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായ ഇക്കാലത്ത് അക്കാദമിക മികവിനൊപ്പം സങ്കേതിക മികവും ലക്ഷമാക്കി പ്രവർത്തനം കാഴ്ച വയ്ക്കുന്ന ലിറ്റിൽ കൈറ്റിൻെ ആഭിമുഖത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ*......3

അന്നും ഇന്നും......4

അന്ന് മനുഷ്യർ ഉണ്ടായ കാലത്ത് പ്രകൃതിയോട് ഒത്ത് ചേർന്ന് ഒരു സുഹൃത്തായാണ് നാം പെരുമാറി ഇരുന്നത്.അന്ന് നമുക്ക് പ്രകൃതി മാതാവ് പാൽ തന്ന് വളർത്തി.കുറച്ച് വർഷങ്ങൾ കഴിഞ്ഞപ്പോൾ പ്രകൃതിക്ക് ദോഷമില്ലാത്ത കണ്ട് പിടുത്തങ്ങൾ നടത്തി. പ്രകൃതിയിലെ മരഹങ്ങൾ വെട്ടിയുള്ള കണ്ട്പിടുത്തങ്ങൾ നടത്തി......4

വിദ്യാർത്ഥികളുടെ മോഹങ്ങൾ......7

ജീവനായ മലരേ......9

Numbers Around The World......12

Natural Numbers......13

......13

# എഡിറ്റോറിയൽ

*ഗുണ മേന്മയുലവള്ള വിദ്യാഭ്യാസം കുട്ടികളുടെ*
*അവകാശമായ ഇക്കാലത്ത് അക്കാദമിക*
*മികവിനൊപ്പം സങ്കേതിക മികവും ലക്ഷ്മാക്കി*
*പ്രവർത്തനം കാഴ്ച വയ്ക്കുന്ന ലിറ്റിൽ കൈറ്റിന്റെ ആഭിമുഖത്തിൽ*
*തയ്യാറാക്കിയ ഡിജിറ്റൽ*

***മാഗസിൻ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് കിട്ടുന്നു എന്നതിന്റെ തെളിവുകൂടി ആകുന്നു. ഈ മാഗസിൻ നിങ്ങളുടെ വായനക്കായി സമർപ്പിക്കുന്നു.***

**എഡിറ്റർ**

**അഭിരാമി**

**എഡിറ്റോറിയൽ ബോർഡ്**

ALEN C. A
ANANDHU KRISHNA
ANUSHA
ANEETA
SHIVANANDA
MANIKANDAN

## അന്നും ഇന്നും

അന്ന് മനുഷ്യർ ഉണ്ടായ കാലത്ത് പ്രകൃതിയോട് ഒത്ത് ചേർന്ന് ഒരു സുഹൃത്തായാണ് നാം പെരുമാറി ഇരുന്നത്.അന്ന് നമുക്ക് പ്രകൃതി മാതാവ് പാൽ തന്ന് വളർത്തി.കുറച്ച് വർഷങ്ങൾ കഴിഞ്ഞപ്പോൾ പ്രകൃതിക്ക് ദോഷമില്ലാത്ത കണ്ട് പിടുത്തങ്ങൾ നടത്തി. പ്രകൃതിയിലെ മരഹങ്ങൾ വെട്ടിയുള്ള കണ്ട്പിടുത്തങ്ങൾ നടത്തി

പ്രകൃതിമാതാവിന് വേദനിച്ചിട്ടും നമ്മെ ശാസിച്ചില്ല, വേദനിപ്പിച്ചില്ല. ഒരുപക്ഷെ, നമ്മെ

ശ്വസിച്ചില്ല. കാറ്റിലൂടെ, ജലത്തിന്റെ ഒഴുക്കിലൂടെ അല്ലെങ്കിൽ അഗ്നിയിലൂടെ.അത് നമുക്ക് കേൾക്കാൻ സാധിച്ചില്ല.കേട്ടിട്ടുണ്ടെങ്കിൽ പോലും എങ്ങനെ അനുസരിക്കാൻ. അതുകൊണ്ട് പ്രകൃതിയോടുള്ളക്രൂരത കൂടി. മരങ്ങൾ വെട്ടി അവിടെ വീടുണ്ടാക്കൽ,റോഡുണ്ടാക്കൽ മലയെ ഇടിച്ച് നികത്തൽ.

മലകൾ റോഡ് പണിക്ക് പോയി. ചിലർ ഇതി എതിർന്നിന്നപ്പോൾ ഉദ്യോഗസ്ഥർ പറഞ്ഞു ഇന പ്രവർത്തി ചെയ്യാൻ ഞങ്ങൾ അധികാരികളുടെ ഉത്തരവ് നേടിയിട്ടുണ്ട.

കാലം പോകും തോറും പ്രകൃതിയോടുള്ള മനുഷ്യൻെറക്രൂരതകൂടിവന്നു.1924 എന്ന വർഷം നിങ്ങൾ മറന്നിട്ടുണ്ടാവില്ല എന്ന് വിചാരിക്കുന്നു.

ആവർഷം പ്രകൃതി നമ്മേ വേദനിപ്പിച്ചു.നാം മരങ്ങൾ വെട്ടിയൽ,

മാലിന്യങ്ങൾ വലിച്ചെറിഞ്ഞാൽ പ്രകൃതിക്ക് മാത്രമല്ല നമുക്കും വേദനിക്കും എന്നതിൻെറ ഉദ്ദാഹരണം മാത്രം.

ആ ആക്രമണം നാം വീണ്ടും തുടങ്ങിയതിലൂടെ 1946 ൽ നമുക്ക് പ്രകൃതി തിരിച്ചടിനൽകി.എന്നിട്ടും ആർക്കും നന്നാവാൻ ഉദ്ദേശം ഇല്ല. ഒരു മാതാവ് തന്റെ മകൻ അല്ലെങ്കിൽ മകൾ എന്തെങ്കിലും തെറ്റ് ചെയ്താൽ പറയും,അടിക്കും വീണ്ടും അത് തന്നെ ആവർത്തിച്ചാൽ അടിയുടെ ശക്തികൂട്ടും.

അതുപോലെ തന്നെയാണ് നമ്മോട് പ്രകൃതി മാതാവും ചെയ്യുന്നത്.2018,2019 എന്നീ വർഷങ്ങളിൽ
പ്രകൃതി നമ്മെ ശക്തിയിൽ അടിച്ചു.

2020 ൽ എന്താണ് സംഭവിക്കുക എന്ന് ദൈവം തമ്പുരാനറിയാം. എനിക്ക് നിങ്ങളോട്
ഒരു കാര്യമേ പറയാനുള്ളൂ.പ്രകൃതിയെ ദ്രോഹിക്കരുത്.

# വിദ്യാർത്ഥികളുടെ മോഹങ്ങൾ

ബാലകൻമാരുടെ മോഹങ്ങളോരോന്നേ
ഞാനരചെയ്യുന്ന കേൾക്ക നീ സോദരാ
നേരം വെളുത്തുച്ചയായി തന്നാൽ പോലും
കൂർക്കം വലിക്കവസാനമതില്ല
സ്കൂളിലേക്കൊന്നങ്ങു പോയിടണമെങ്കിൽ
കിട്ടണം നൂറിന്റെ നോട്ടൊന്നു കൈക്കുള്ളിൽ
നോട്ടൊന്നു കിട്ടിയാലോട്ടമതാണെന്നേ
പെട്ടിക്കടകളിൽ തപ്പി നടക്കുവാൻ
ആൺകുട്ടിയെങ്കിൽ സൈക്കിളു വേണം
ബുള്ളറ്റും സ്കൂട്ടറും ബൈക്കിനും പോണം
കാറൊന്നു കിട്ടിയാൽ കൈക്കുമോ സാറേ
ആൾട്ടോയും എണ്ണൂറും ആർക്കിന്നു വേണം
ലംബോർഗിനിതന്നെ കിട്ടിയാൽ കൊള്ളാം
ലാൻസറും, ബെൻസിനും ആഗ്രഹമുണ്ടെടോ
പെൺകുട്ടിയെങ്കിലും മോഹമില്ലാത്തവൾ
ഭൂമിയിൽ കാണില്ല പേരിനുപോലും
പൊട്ടുവേണം ചാന്തും കുട്ടക്സുമെല്ലാം
ഫാഷന്റെ ലോകത്തു നിന്നിങ്ങുപോയി

ഫേഷ്യല്യ ചെയ്യണം , പുരികം പറിക്കണം
നാട്ടുകാർ കാൺകെ ഞെളിഞ്ഞു നടക്കണം
ഐശ്വര്യ റായിയെ നാണം കെടുത്തണം
കാണുന്ന ലേഹ്യങ്ങൾ വാങ്ങിക്കുടിക്കണം
ചർമമതുകണ്ടാൽ പ്രായം കുറയണം.
ആണിനും പെണ്ണിനും ആഗ്രഹമെപ്പോഴും
തോണ്ടിക്കളിക്കുന്ന ഫോണൊന്നു വാങ്ങുവാൻ
അപ്പന്റെയമ്മേടെ ഫോൺ കിട്ടിയാൽ പോരാ
സ്വന്തമായ് കിട്ടുനെന്നും ദുരാഗ്രഹം
തോണ്ടിയതൊന്നും മതിയല്ല പിന്നെയും
തോണ്ടിക്കിടക്കണം പാതിരാത്രിവരെ
വാങ്ങിച്ചു നൽകണം, ഫോർജി കണക്ഷനും
വാങ്ങിയില്ലെങ്കിൽ ഞാൻ ചാകുവാൻ തുങ്ങിടും
വാട്സ് ആപ്പു നോക്കണം,യൂട്യൂബിൽ കേറണം
നോട്ട് ബുക്ക് വേണ്ട ഫെയ്സ്ബുക്ക് മതിയിനി
ചാറ്റണം ചീറ്റണം ,ചോറിന്നു വേണ്ടിനി
ചീറ്റിംഗിൽ പെട്ടുപോകാതെ കഴിക്കണം
സ്കൂളിലേക്കുള്ളൊരു യാത്രയോ ദുഷ്കരം
ക്ലാസിലെ കാര്യങ്ങൾ ഓർക്കുവാൻ വയ്യെടോ
പാഠം പഠിക്കണം ഹോംവർക്കു ചെയ്യണം
ചൂരലുമായതാ ടീച്ചർ വരുന്നെടാ

ചന്തിക്കു കിട്ടിയാൽ വേദന ദുഷ്കരം
നീറ്റലാണെപ്പോഴുംബെഞ്ചിലിരിക്കുവാൻകണക്കിന്റെ ടീച്ചറ് ക്ലാസിൽ വരുമ്പോഴേമൂത്രമൊഴിക്കുവാൻ പോകുവാൻ തോന്നുന്നു.

# ജീവനായ മലരേ.....

നിങ്ങളെന്തിനാ എപ്പോഴും ഇവർക്ക് ഇങ്ങനെ ഡ്രസ്സ് വാങ്ങിച്ച് കൊടുക്കുന്നത്? അലമാരയിൽ എത്ര വസ്ത്രങ്ങളാ വെറുതെ ഇടാതെ വച്ചിരിക്കുന്നത്? ആ പൈസയ്ക്ക് വീട്ടിലേക്കെന്തെങ്കിലും വാങ്ങിച്ചാൽ അത്രയുമാകും അടുക്കളയിൽ ഒരു സാധനമില്ല.മക്കൾക്ക് വസ്ത്രവുമായി വന്ന സുഭാഷ് തന്റെ ഭാര്യയുടെ ഗർജന വാക്കുകൾ ശ്രവിച്ച് അകത്തേക്ക് കയറുന്നു. തിരിച്ച് മറുപടി ഒന്നും പറയണ്ട എന്നു വിചാരിച്ചിട്ടും മനസ്സ് തന്നെ വെറുതെ വിടുന്നില്ല. ഞാൻ പണിയെടുത്ത പൈസ എന്റെ മക്കൾക്ക് വേണ്ടിയുള്ളതാ അല്ലാതെ നാട്ടാർക്കല്ല,അയാൾ പറഞ്ഞു.
അത് കേട്ടില്ലാ എന്നൊരു ഭാവത്തിൽ ഉഷ അടുക്കളയിലേക്ക് പോയി.പിറ്റേ ദിവസം സുഭാഷ് പത്രം എടുക്കാൻ വെളിയിലേക്ക് പോയപ്പോൾ അയൽവാസി ചന്ദ്രനെ കണ്ട് വിശേഷം പറയുന്നു.തിരിച്ച് വന്നപ്പോൾ സമയം പോയതറിഞ്ഞില്ല. സുഭാഷ് ഒരു കൂലിപ്പണിക്കാരനാണ്,വീടിനോട് ചേർന്ന് ഒരു കൃഷിയിടവും ഉണ്ട്. അദ്ദേഹത്തിന് രണ്ടു പെൺമക്കളുണ്ട്.ഹർഷയും വർഷയും.ഹർഷയാണ് മൂത്തമകൾ.ഇന്ന് സുഭാഷ് തന്റെ പണിസാധനങ്ങളും എടുത്ത് പിന്നെ ഒരു ഷർട്ടും എടുക്കാനായി മുറിയിലേക്ക് ചെന്നപ്പോൾ ഉഷ ഹർഷയുടെ മൊബൈൽ പരിശോധിക്കുകയായിരുന്നു.അയാൾ കാരണമന്വേഷിച്ചപ്പോൾ,അവൾ ഡിഗ്രി സെക്കൻഡ് ഇയറിന് പഠിക്കുന്ന ഒരു കുട്ടിയാണ് അതുകൊണ്ട്,അവളുടെ അമ്മയെന്ന നിലയിൽ ഇത് അത്യാവശ്യമാണെന്നാണ്. നീ എന്താണെന്ന്

വച്ചാൽ കാണിക്ക്,എനിക്ക് എന്റെ മക്കളെ വിശ്വാസമാ.ഇതും പറഞ്ഞ് സുഭാഷ് ജോലിക്കിറങ്ങുന്നു.

വളരെ ക്ഷീണിതമായി,പകലന്തിയോളം പണിയെടുത്ത് വൈകുന്നേരം സുഭാഷ് വീട്ടിലേക്കു വരുന്നു.വന്നപാടെതന്നെ തന്റെ മക്കളെവിടെ എന്നാണ് സുഭാഷ് ചോദിച്ചത്,കാരണം തനിക്ക് ഒരു നിമിഷം പോലും അവരെ പിരിഞ്ഞിരിക്കാൻ സാധിക്കില്ല.വർഷ പഠിക്കുകയാണെന്നും ഹർഷ കുറച്ചുസമയം മുൻപ് മൊബൈൽ എടുത്തുകൊണ്ട് റൂമിലേക്ക് പോയെന്നും ഉഷ പറഞ്ഞു. കിടക്കാൻ നേരത്ത് സുഭാഷിന്റെ കൈയ്യും കാലും ശ്രദ്ധിക്കുന്നു.കൈയ് മുഴുവനും തഴമ്പ് കൊണ്ട് നിറഞ്ഞിക്കുകയാണ്. മുള്ളിൽ കൂടി പണിയെടുത്തതിനാൽ കാലും മുറിഞ്ഞിരിക്കുന്നു.വിഷമത്തോടെ ഉഷ അതിലേക്കു നോക്കി നിൽക്കുന്നു.സാരമില്ല ഇതെല്ലാം എന്റെ പൊന്നു മക്കൾക്ക് വേണ്ടിയല്ലേ എന്നു പറഞ്ഞ് സുഭാഷ് ഉറക്കത്തിലേക്ക് വഴുതിവീഴുന്നു.തന്റെ മക്കൾ കൂട്ടുകാരുടെ മുമ്പിൽ നാണം കെടാതിരിക്കാൻ അവരുടെ അവശ്യത്തിനും അനാവശ്യത്തിനുമുള്ള പണം നൽകി കൊണ്ടും അവർ ഇരുവരും അവരെ സ്നേഹിച്ചു.രാവിലെ എണീറ്റപ്പോൾ വർഷ അമ്മയോട് പറയുന്നു,അമ്മേ ചേച്ചി ഉറങ്ങാറില്ല എന്നാണ് തോന്നുന്നത്. എപ്പോഴും വാട്സ് ആപ്പിലാണ്.ആരോടൊക്കെയോ ചാറ്റ് ചെയ്യുന്നു. ഞാൻ പറഞ്ഞാലൊന്നും അവൾ കേൾക്കില്ല. അച്ഛനോട് പോയി പറയെന്ന് അമ്മ വർഷയോട് പറയുന്നു.തന്റെ മകൾ കൈവിട്ടുപോകുകയാണോ എന്ന സംശയം അമ്മയുടെ മനസ്സിൽ ഇത്തിൾക്കണ്ണി പോലെ പടർന്നുപിടിച്ചു.

വീട്ടിൽ ഭക്ഷണത്തിനുപോലും വകയില്ലാതിരുന്നപ്പോഴും അവരുടെ അനാവശ്യത്തിനായി സുഭാഷ് പണം ചിലവഴിച്ചു. തന്റെ മകളെ മാത്രം ധ്യാനിച്ചു കൊണ്ട് അമ്മ സ്ഥിരം നേരം വെളുപ്പിക്കുന്നു.കോടമഞ്ഞ് വീഴുന്നതിനാൽ കണ്ണ് പോലും കാണാൻ പറ്റാത്ത നിലയിൽ,നേരം പുലർന്നു.ഉറക്കത്തിൽ നിന്നും എഴുന്നേറ്റു വന്ന ഉഷ സ്ഥിരമായി ആദ്യം നോക്കിയിരുന്നത് തന്റെ മക്കളെയാണ്. അന്നും അവർ പതിവു തെറ്റിച്ചില്ല,ഹർഷ മുറിയിൽ ഇല്ല. ഉഷ സുഭാഷിനെ വിളിച്ചെഴുന്നേൽപ്പിച്ചു.ഇത്ര നേരത്തേ എഴുന്നേൽക്കുന്ന സ്വഭാവം അവൾക്കില്ല. അവർ വീടിനു ചുറ്റും നോക്കി.അടുത്ത വീടുകളിലും,ബന്ധുവീടുകളിലും അന്വേഷിച്ചു.ബന്ധുക്കളുടെയും അയൽവാസികളുടെയും നിർബന്ധത്തിന് വഴങ്ങി അവർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി.തന്റെ കണ്ണിലെ കൃഷ്ണമണിപോലെ

കാത്തുസൂക്ഷിച്ച തന്റെ മകൾ എവിടെ പോയെന്നറിയാതെ അച്ഛനും അമ്മയും ഇന്ന് സങ്കടത്തിന്റെ നടുകടലിൽ അലയടിച്ചുയരുന്ന തിരമാലകൾക്കിടയടലാണ് നിൽക്കുന്നത്.ഉച്ചയായപ്പോഴേക്കും പോലീസ് സ്റ്റേഷനിൽ നിന്ന് കോൾ വന്നു. അവരുടെ മകൾ ഒരു മുസ്ലീം പയ്യന്റെ കൂടെ ഒളിച്ചോടിയിക്കുന്നു.വിങ്ങുന്ന ഹൃദയത്തോടെ ആ വാർത്ത അറിഞ്ഞു.അവരുടെ അത്യാഗ്രഹത്തിന് പണം ചിലവാക്കി കളഞ്ഞ്,അവരുടെ അനാവശ്യങ്ങൾ നിറവേറ്റി കൊടുത്ത് അവരെ സ്നേഹിച്ച അച്ഛനും അമ്മയും തെറ്റ് പറ്റി.ആ വാർത്ത അറിഞ്ഞപ്പോൾ അദ്ദേഹം തന്റെ കൈകളിലേക്കാണ് ആദ്യം നോക്കിയത്,മക്കൾക്ക് വേണ്ടി സമ്പാദിച്ചതിന്റെ തഴമ്പ്. ലാളിച്ച വളർത്തിയ മക്കൾ അന്യ മതക്കാരന്റെ കൂടെ ഒളിച്ചോടിപ്പോയപ്പോൾ,അത് നിസ്സഹായരായി കേട്ടുനിൽക്കേണ്ട വന്ന സുഭാഷും ഉഷയും ഇനി എന്തെന്നില്ലാത്ത ജീവിതത്തിലേക്ക്.....തന്റെഎല്ലാ പ്രതീക്ഷയും,സ്വപ്നവുമായിരുന്ന തിരി അണഞ്ഞപ്പോൾ അവർ ഇനി നേർവഴിയുടെ പാതയിൽ നീങ്ങുന്നു.കുറ്റബോധത്താൽ നിറഞ്ഞ മനസ്സുമായി. ........
മറക്കാനാകുമോ എന്ന് എനിക്ക് അറിയില്ല,കാരണം അവൾ എന്റെ മകളാണ്, ജീവനാണ്.അല്ല ജീവനായി വിരിഞ്ഞുനിൽക്കുന്ന പുഷ്പം.

## Numbers Around The World

*Presently, the earliest known archaeological evidence of any form of writing or counting are scratch marks on a bone from 150,000 years ago. But the funereally solid evidence of counting, in the form of the number one, is from a mere twenty-thousand years ago. An is hangs tone found in the conga with two identical markings of sixty Scratches each and equally. Numbered groups on the back.*

Mmghs kappiset

*These markings are a certain indication of counting and they mark a defining moment in western materialization.*

*Zoologists tell us that mammals other than humans are only able to count up to three or four, while our believed that the necessity for numbers became more apparent when humans started to build their own houses, as opposed to living in caves and the like.*

*Anthropologists tell us that in sumac, in abut 4,000 BCE, Sumerians used tokens to represent numbers, an improvement over notches is a stick or bone A very important development from using adding tokens you can also take away, giving sixth to arithmetic, an event of major significance. The Sumerian's tokens made possible the arithmetic required for them to asses wealth, calculate profit and loss and even moxe importantty, to callect taxes,as well as keep permant records. The standard belief is that in this way numbers became the woeldls first writing and thus accounting was born.*

*More primitive societies,such as the wiligree of central Australia,never used number,not felt the need for them. Wemay ask,why then did the sumerians on the ather side of the*

*world feel the meedfor simple mathemetics? The answer opof coure, was decause they lived in cities which required oranizing.*

## Natural Numbers

The must familiar numhers axe the

natural numbers {sumetimes called whale numhers orcounting numhers} 1’2’3 and soon.Traditionally the sequence of natural numbers started with i[ co was not evenconsiclered a number for the ancient greeks].however, in the 19thcen tury,setthe lorist and other mathematicians stared including o {cardinality of the empty s’ie o ie.o elements,where o is thus the smallest cardinal number{in the set of the natural numbers.Today,different mathematicians use the term to describe both sets,including 0 or not.The mathematical symbol for the set of all

natural numbers in N, also written N,and sometimes No or N,when it is nessasary to indicate whether the set should start with 0 or .1,respectivly

സഹകരിച്ചവർക്കും സഹചരിച്ചവർക്കും

നന്ദി.